# 'ഇംഗ്ലീഷ് മീഡിയം'




## സിനിമ

**പി.കെ.ശോഭന**

കോവിലകത്തെ തമ്പുരാട്ടിയുടെ സ്വത്ത് തട്ടിയെടുക്കാൻ കാത്തിരിക്കുന്ന ഉപജാപകവൃന്ദത്തിലും അവരുടെ കുതന്ത്രങ്ങളെ ചെറുത്തുതോല്പിക്കുന്ന ഒരു രക്ഷകനിലുമായി മലയാളസിനിമ ചുറ്റിത്തിരിയുമ്പോഴാണ് 'ഇംഗ്ലീഷ് മീഡിയം' എന്ന സിനിമ പ്രസക്തമാകുന്നത്. വിറ്റഴിക്കാനുള്ള ഒരു ഫോർമുലയാക്കാനുള്ള മാർക്കറ്റ്, സാമൂഹ്യ പ്രശ്നങ്ങൾക്കില്ലാത്തതിനാൽ, അത്തരം പ്രശ്നങ്ങളെ ചവറുകൂട്ടയിലെറിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ അതുകൊണ്ടുതന്നെ ഈ സിനിമ പ്രത്യേകം പരാമർശമർഹിക്കുന്നു. ഡി.പി.ഇ.പി. എന്ന വിദ്യാഭ്യാസ സമ്പ്രദായത്തെ ഉപരിപ്ലവമായിട്ടാണെങ്കിലും പ്രതിപാദിക്കാനും വിദ്യാഭ്യാസമേഖലയിലെ കച്ചവടത്തിനെപ്പറ്റി മിതമായിട്ടാണെങ്കിലും അവതരിപ്പിക്കാനും സംവിധായകന് കഴിഞ്ഞിട്ടുണ്ട്.

ഡി.പി.ഇ.പി. പ്രകാരം മാവിൽകയറി മാങ്ങ പറിക്കേണ്ടവിധം കുട്ടികൾക്ക് പ്രായോഗികമായി ചെയ്തുകാണിക്കുന്നതിനിടയിൽ താഴെ വീഴുന്ന ഒരധ്യാപകന്റെ ദുരന്തത്തോടെയാണ് ചിത്രമാരംഭിക്കുന്നത്. ഇത്തരം അഭ്യാസപ്രകടനങ്ങൾ ആവർത്തിക്കേണ്ടിവരുമെന്ന ഭയത്താൽ ആ അധ്യാപകൻ രാജിവെയ്ക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിനെയും നിയമനത്തേയും ചുറ്റിയാണ് കഥ മുന്നോട്ടുനീങ്ങുന്നത്. മുമ്പ് ആറുമാസം സ്കൂളിൽ ജോലി ചെയ്തിരുന്ന ഗോകുലകൃഷ്ണനാണ് നിയമപ്രകാരം ഉദ്യോഗത്തിനർഹൻ. പക്ഷേ, പണത്തിനോടുള്ള അത്യാർത്തികാരണം സ്കൂൾ മാനേജർ ശങ്കുണ്ണിനായർ, പുതിയ ആളുകളെ അന്വേഷിക്കുന്നു. ഒഴിവിനെപ്പറ്റി ഗോകുലകൃഷ്ണനെ അറിയിക്കാതെ പുതിയ നിയമനം വഴി ശങ്കുണ്ണിനായർ ചെയ്യുന്ന തന്ത്രങ്ങളാണ് പിന്നെ സിനിമയിൽ. പെൻഷൻ കിട്ടാൻ വേണ്ട സർവീസ് തികഞ്ഞ അധ്യാപകരെ പൈസകൊടുത്ത് നിർബന്ധപൂർവം വൊളന്ററി റിട്ടയർമെന്റ് എടുപ്പിക്കുകയും ആ ഒഴിവിൽ ലക്ഷങ്ങൾ വാങ്ങി നിയമനം നടത്തുകയും ചെയ്യുന്നത് അമാന്യതയായി ആരും കാണാത്ത ഈ കാലത്ത് ഈ സ്കൂൾ മാനേജർ മാന്യനാണ്. എൺപത്തിനാലിലെ ടി.ടി.സി.ബാച്ചിലുണ്ടായിരുന്നിട്ടും ഇതുവരെയും സർക്കാർ സർവീസിൽ പ്രവേശിക്കാൻ കഴിയാതിരുന്ന ശ്രീനിവാസൻ അവതരിപ്പിക്കുന്ന കുറുവാഞ്ചേരി ശങ്കരനാരായണനാണ് മാനേജർ ആവശ്യപ്പെട്ട നാലുലക്ഷം രൂപ കൊടുക്കാൻ കഴിയുന്നത്. വിവാഹം ഇതുവരെ കഴിയാത്തതും മുപ്പത്തഞ്ചു വയസാകുമ്പോൾ പ്രവേശിക്കാൻ കഴിയാത്ത സർക്കാരുദ്യോഗവുമാണ് ശങ്കരനാരായണന്റെ വ്യഥകൾ. ഇതിനിടയിൽ, ജോലിയില്ലാത്ത സമയത്ത് പട്ടിപിടുത്തവും മറ്റുമായി നടന്നിരുന്ന ഗോകുലകൃഷ്ണൻ അവകാശവാദവുമായി എത്തുന്നു. ഗോകുലകൃഷ്ണനെ ജോലിയൊഴിവിനെപ്പറ്റി അറിയിച്ചത് പണ്ട് ഗോകുലകൃഷ്ണൻ മുഖേന കാല് തല്ലിയൊടിക്കപ്പെട്ട മാത്തുകുട്ടി എന്ന കൊച്ചിൻ ഹനീഫയാണ്. പ്രതികാരമാണ് മാത്തുകുട്ടിയുടെ ലക്ഷ്യം. പിന്നെ ജോലിക്കുവേണ്ടി മുകേഷിന്റെ ഗോകുലകൃഷ്ണനും ശ്രീനിവാസനും നടത്തുന്ന പാരകളും കൊച്ചിൻ ഹനീഫയുടേയും നെടുമുടി വേണുവിന്റേയും കൂട്ടുചേർന്നുള്ള പ്രതികാര നടപടികളുമാണ്. ഇത്തരമൊരു സന്ദിഗ്ധാവസ്ഥ മലയാളസിനിമയിൽ നമ്മളെത്ര കണ്ടിരിക്കുന്നു. കഥാസന്ദർഭങ്ങളുടെ ആശയദാരിദ്ര്യമാണ് പിന്നീടുള്ള രംഗങ്ങളിൽ.

ഒടുവിൽ കുറുവാഞ്ചേരി ശങ്കരനാരായണന്റെ പൈസ നഷ്ടപ്പെടുകയും മുപ്പത്തിയഞ്ച് വയസ് തികഞ്ഞതിനാൽ ജോലി ഒരിക്കലും കിട്ടുകയില്ലെന്ന് അറിയുകയും ചെയ്യുന്നു. അവസാനത്തെ രംഗങ്ങൾ സംവിധായകൻ വ്യത്യസ്തമായിട്ടെടുത്തിരിക്കുന്നു. ഒരുപാട് കൂട്ടത്തല്ലിനുശേഷം നടക്കുന്ന ഒരു വിവാഹമാണല്ലോ സ്ഥിരം സംഭവിക്കാറുള്ളത്. ഇവിടേയും കുറവാഞ്ചേരി ശങ്കരനാരായണന്റെ നഷ്ടങ്ങളെല്ലാം നികത്തിക്കൊണ്ട് സ്കൂളിന്റെ യഥാർത്ഥ മാനേജരായ ശങ്കുണ്ണിനായരുടെ മകൾ ശങ്കരനാരായണനെ വിവാഹം കഴിക്കുന്നു. ഗോകുലകൃഷ്ണന് ഉദ്യോഗം കിട്ടുന്നതിന് ആർക്കും ആക്ഷേപമില്ല. അപ്പോഴാണ് ക്ലാസുകളിൽ കുട്ടികളില്ലായെന്ന കാരണത്താൽ ഡിവിഷൻ ഫാൾ വന്നത്. സ്കൂളിന്റെ അംഗീകാരം പോകുന്നത് പല രക്ഷാകർത്താക്കളും അപരിഷ്കൃതമായ ഡി.പി.ഇ.പി. നടപ്പാക്കുന്ന സ്കൂളിൽനിന്നും കുട്ടികളെ മറ്റു സ്കൂളുകളിലേക്ക് മാറ്റിയതാണ് ഇങ്ങനെ വരാനുണ്ടായ കാരണം. പിന്നെ, അധ്യാപകരും രക്ഷാകർത്താക്കളും ചേർന്നു ഡി.പി.ഇ.പി.യെ പറ്റി ചർച്ച ചെയ്യുകയും വളരെ പ്രതിലോമകരമായ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങുകയെന്ന തീരുമാനത്തിലെത്തുകയും ചെയ്യുന്നു. ഡി.പി.ഇ.പി.യ്ക്ക് പകരമായിട്ടല്ല ഇംഗ്ലീഷ് മീഡിയം. ഗത്യന്തരമില്ലാതെ നിലനിൽക്കാൻ കണ്ടെത്തിയ ഒരു കുറുക്കുവഴിയായിട്ടാണ് സംവിധായകൻ ഇത് ചിത്രീകരിച്ചിരിക്കുന്നത്. എങ്കിലും ഇത്തരമൊരു അന്ത്യത്തിലെത്തുന്നതിന് കഥാകൃത്തിനെ പ്രേരിപ്പിച്ചത്, കഥയുടെ പരിമിതിയായി നിൽക്കുന്നു.

ഒരുപാട് അവതരിപ്പിച്ചിട്ടുള്ള റോളാണെങ്കിലും സ്കൂൾ മാനേജരായിട്ടുള്ള നെടുമുടി വേണുവിന്റെ അഭിനയം വളരെ ശ്ലാഘനീയമാണ്. ശ്രീനിവാസനടക്കമുള്ള നടന്മാർ ശരാശരിയിൽ താഴെയേ വരുന്നുള്ളൂ. കൊച്ചിൻ ഹനീഫയുടെ മാത്തുകുട്ടി എന്ന കഥാപാത്രത്തെയും പട്ടാളക്കാരനെയുമെല്ലാംകണ്ട് പ്രേക്ഷകർ ചിരിക്കാൻ സാധ്യതയുണ്ടോ? വെറെ ഒരു കാര്യം ഈ സിനിമയിലെ കുട്ടികളാണ്. ഡി.പി.ഇ.പി. തലയ്ക്കടിച്ച് അക്രമാസക്തരായ പ്രകൃതരായാണ് കുട്ടികളെ കാണിച്ചിരിക്കുന്നത്. മാവിൽനിന്നും വീണുകിടക്കുന്ന മാഷിനെ കാണാൻ കുട്ടികൾ വരുന്ന രംഗം. കുട്ടികൾ അച്ചടക്കമില്ലാത്തവരാണ്. പക്ഷേ, ഡി.പി.ഇ.പി.യാണ് അതിനു പുറകിലെന്ന ധ്വനിയാണ് കുഴപ്പം. അധ്യാപകരെ 'പാഠം' പഠിപ്പിക്കാൻ തയ്യാറായി, അപരിഷ്കൃതരായി, ആ നാട്ടിൻപുറത്തെ നല്ല കുട്ടികളെ ചിത്രീകരിച്ചത് അതിശയോക്തിപരമായിട്ടാണ്.

ഇതുപോലെ പറയാതിരിക്കാനാകാത്ത പല പോരായ്മകളുമുണ്ടെങ്കിലും പുതിയ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നവർക്ക് പ്രോത്സാഹനമായിട്ടുകൂടിയും ഇംഗ്ലീഷ് മീഡിയം പരിഗണനയർഹിക്കുന്നു.